(സി) എങ്കിൽ കർഷകരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി 11-6-2012-ലെ സർക്കാർ ഉത്തരവ് പുനഃസ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) SDRF/NDRF മാനദണ്ഡത്തിനെക്കാൾ ഉപരിയായി കർഷകർക്ക് ധനസഹായം നൽകുന്നതിന് ദുരന്ത നിവാരണ വകുപ്പിൽ ഫണ്ട് ലഭ്യമല്ല. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡമനുസരിച്ച് മാത്രമേ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാൻ കഴിയൂ. 21-8-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 361/2014/ഡി.എം.ഡി. നമ്പർ പ്രകാരമാണ് നിലവിൽ ധനസഹായം അനുവദിക്കുന്നത്. എസ്.ഡി.ആർ.എഫ്. മാനദണ്ഡങ്ങൾ അധികരിച്ച് കൃഷിനാശത്തിന് ധനസഹായം നൽകുന്നത് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്ന് കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം കൃഷി വകുപ്പ് പരിശോധിച്ചുവരികയാണ്.

വഴുതക്കാടിൽ ഹിന്ദുവനിതാ സംഘം അനധികൃതമായി കൈവശം വച്ചുവരുന്ന സർക്കാർ ഭൂമി

215 (1272) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വഴുതക്കാടിൽ ഹിന്ദു വനിതാ സംഘം അനധികൃതമായി കൈവശം വച്ചുവരുന്ന സർക്കാർ ഭൂമി പ്രസ്തുത സംഘത്തിന് തന്നെ പാട്ടത്തിന് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം നിലച്ചിട്ട് വർഷങ്ങൾ പിന്നിട്ടതായി അറിയാമോ ;

(ബി) പ്രസ്തുത സംഘം സർക്കാരിൽ അടച്ചുതീർക്കാനുണ്ടായിരുന്ന തുക എത്രയായിരുന്നു ; ഇക്കാര്യത്തിൽ കോടതിയിൽ വന്ന കേസ് നടത്താത്തതിന് സർക്കാരിന്റെ ഭാഗത്ത് വീഴ്ച വന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കേസ് നടത്തിയതിലെ വീഴ്ചമൂലം പാട്ടക്കുടിശ്ശിക തുകയിൽ കോടതി ഇളവ് നൽകിയിട്ടുള്ളതായി അറിയാമോ ;

(സി) തിരുവനന്തപുരം നഗരത്തിലെ നിർണ്ണായക സ്ഥലത്തുള്ള പ്രസ്തുത ഭൂമി സർക്കാരിൽ നിലനിർത്താൻ നടപടി സ്വീകരിക്കുമോ; ഈ സ്ഥലം സഹകരണ ഭവൻ നിർമ്മാണത്തിന് വിട്ടുനൽകാൻ സഹകരണ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത സർക്കാർ ഭൂമി ഉപയോഗിക്കാതെയും പാട്ടക്കുടിശ്ശിക അടയ്ക്കാത്തതിന്റെയും അവിടെ സംഘത്തിന്റെ പ്രവർത്തനം നിലച്ചതിന്റെയും അടിസ്ഥാനത്തിൽ 12-8-2009-ലെ WP(C) 29382/2003-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30-4-2012-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.)179/2012/റവ നമ്പർ ഉത്തരവ് പ്രകാരം ടി സ്ഥലം സർക്കാർ തിരികെ ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഹിന്ദു വനിതാസംഘം 31-10-2014 വരെ 80,79,161 രൂപ പാട്ടക്കുടിശ്ശിക ഇനത്തിൽ ഒടുക്കേണ്ടതുണ്ട്. ഹൈക്കോടതിയിൽ ഹിന്ദുവനിതാ സംഘം ഫയൽ ചെയ്ത WP(C) No. 24563/12 ഉം 27880/12 നമ്പർ റിട്ട് പെറ്റീഷനുകളിന്മേൽ 10.00 ലക്ഷം രൂപ പാട്ടക്കുടിശ്ശിക അടയ്ക്കാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ പാട്ടക്കുടിശ്ശിക തുകയിൽ ഇളവ് അനുവദിച്ചിട്ടില്ല. പ്രസ്തുത കേസിൽ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

(സി) ഹിന്ദുവനിതാ സംഘം WP(C) No.28999/12 നമ്പരായി ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണയിലാണ്. ജി.ഒ. (എംഎസ്.) നമ്പർ 190/2012/റവ നമ്പർ ഉത്തരവ് പ്രകാരം ടി സ്ഥലം സഹകരണ ഭവൻ നിർമ്മാണത്തിന് സഹകരണ വകുപ്പിന്റെ ആവശ്യപ്രകാരം കൈമാറി നൽകുന്നതിന് ഉത്തരവായിരുന്നു. എന്നാൽ ഹിന്ദു വനിതാ സംഘം പ്രവർത്തകർ സഹകരണ ഭവൻ നിർമ്മാണം തടസ്സപ്പെടുത്തുകയും തുടർന്ന് ടി സ്ഥലം ഏറ്റെടുക്കാൻ കഴിയാതെ സഹകരണ വകുപ്പ് പിന്മാറുകയും ചെയ്തു. സഹകരണ വകുപ്പിന് വേറെ ഭൂമി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

നാമനിർദ്ദേശ പത്രികയുടെ ഭാഗമായി നൽകിയ സ്വത്തുവിവരം

216 (1273) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടുക്കി നിയോജക മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ. ജോയ്സ് ജോർജ്ജ് നാമനിർദ്ദേശ പത്രികയുടെ ഭാഗമായി നൽകിയ സ്വത്ത് വിവരങ്ങളിൽ ഉൾപ്പെട്ട കോട്ടക്കുമ്പുരിലെ അദ്ദേഹത്തിന്റെ പേരിലുള്ള ഭൂമിയെ സംബന്ധിച്ച വിവാദങ്ങൾ അന്വേഷിക്കുന്നതിന് ഉന്നത സംഘത്തെ ചുമതലപ്പെടുത്തിയിരുന്നോ ;

(ബി) ഉണ്ടെങ്കിൽ ഈ അന്വേഷണ സംഘത്തിന്റെ പ്രധാന ചുമതല ആർക്കായിരുന്നു എന്നും ഇവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ ;